കലാസമിതികൾക്ക് 2 ലക്ഷം രൂപാവീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കോവിഡ് ലോക്ഡൗൺമൂലം പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ മൂപ്പത് ദിവസം ദൈർഘ്യമുള്ള ഒരു നവമാധ്യമ കലാസംഗമം സാംസ്കാരികകാര്യ വകുപ്പിനുവേണ്ടി 'മഴമിഴി' എന്ന പേരിൽ ആകെ 99,75,000 രൂപ എസ്റ്റിമേറ്റിൽ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകുകയും അതുപ്രകാരം പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു.

സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ട്

278 (3984) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡല പരിധിയിലുള്ള ഏതെല്ലാം സാംസ്കാരിക സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവർത്തന ഫണ്ടും അനാവർത്തന ഫണ്ടും അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

&

(ബി) ഓരോ സ്ഥാപനങ്ങൾക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വർക്കല നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകൾക്ക്/സ്ഥാപനങ്ങൾക്ക് അനുവദിച്ച ധനസഹായങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ഓരോ സ്ഥാപനവും സമർപ്പിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

1. പ്രശസ്ത സംഗീതജ്ഞയായിരുന്ന ഡോ. എം. എസ്. സുബ്ബലക്ഷ്മിയുടെ സ്മരണാർത്ഥമുള്ള സംഗീതോത്സവം സംഘടിപ്പിക്കുന്നതിനും ഡോ. എം. എസ്. സുബ്ബലക്ഷ്മിയുടെ പേരിലുള്ള പുരസ്കാരദാനത്തിനും സർക്കാർ ധനസഹായം അനുവദിക്കണമെന്നഭ്യർത്ഥിച്ച് വർക്കല ഡോ. എം. എസ് സുബ്ബലക്ഷ്മി ഫൗണ്ടേഷൻ അധികൃതർ അപേക്ഷ സമർപ്പിച്ചിരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. കഥകളി മുൻനിർത്തിയുള്ള വിവിധ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനമായി ധനസഹായങ്ങൾ അനുവദിക്കണമെന്നഭ്യർത്ഥിച്ച് കലാഭാരതി ഗുരു ചെങ്ങന്നൂർ കഥകളി അക്കാദമി അധികൃതർ അപേക്ഷ സമർപ്പിച്ചിരുന്നു.

3. വർക്കല ശ്രീകൃഷ്ണ നാട്യസംഗീത അക്കാദമിയുടെ വാർഷികാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതിനും പ്രശസ്ത സംഗീതജ്ഞയായിരുന്ന ഡോ. എം. എസ്. സുബ്ബലക്ഷ്മിയുടെ സ്മരണാർത്ഥമുള്ള സംഗീതോത്സവം സംഘടിപ്പിക്കുന്നതിനും ഡോ. എം. എസ്. സുബ്ബലക്ഷ്മിയുടെ പേരിലുള്ള പുരസ്കാരദാനത്തിനും വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വിശിഷ്ട വ്യക്തികളെ ആദരിക്കൽ എന്നിവയ്ക്കും സർക്കാർ ധനസഹായം അനുവദിക്കണമെന്നഭ്യർത്ഥിച്ച് വർക്കല ശ്രീകൃഷ്ണ നാട്യസംഗീത അക്കാദമി അധികൃതർ അപേക്ഷ സമർപ്പിച്ചിരുന്നു.

നന്ദികേശ ശില്പ പൈതൃക ഗ്രാമം പദ്ധതി

279 (3985) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിൽ നൂറനാട്, നന്ദികേശ ശില്പ പൈതൃക ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ നൂറനാട് നന്ദികേശ ശില്പ പൈതൃകഗ്രാമം പദ്ധതിക്ക് ലളിതകലാ അക്കാദമിയുടെ മേൽനോട്ടത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് ലളിതകലാ അക്കാദമിയുടെ 30-10-2018-ൽ കൂടിയ നിർവ്വാഹക സമിതി യോഗം ചർച്ച ചെയ്യുകയും നന്ദികേശ ശില്പം സൂക്ഷിക്കുന്നതിനുതകുംവിധം കെട്ടിടം നിർമ്മിച്ച് ലഭിക്കുകയും കൂടാതെ പൈതൃക ആർട്ട് ഗ്യാലറി സജ്ജീകരിക്കുന്നതിനുള്ള സൗകര്യങ്ങൾകൂടി ഒരുക്കി അക്കാദമിയെ ഏൽപ്പിക്കുകയാണെങ്കിൽ നടത്തിപ്പ് ലളിതകലാ അക്കാദമി ഏറ്റെടുക്കാമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് പടനിലം പരബ്രഹ്മക്ഷേത്ര ഭരണസമിതിയുടെ തീരുമാനം അക്കാദമിയെ അറിയിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 25-1-2019-ൽ കത്ത് നൽകിയിരുന്നു. തുടർന്ന് ലളിതകലാ അക്കാദമി എക്സിബിഷൻ ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ക്ഷേത്ര ഭാരവാഹികളുടെ അഭിപ്രായം ആരാഞ്ഞിരുന്നു. അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നമുറയ്ക്ക് അക്കാദമിയെ സമീപിക്കുന്നതാണെന്നാണ് ക്ഷേത്ര കമ്മിറ്റി ഭാരവാഹികൾ അറിയിച്ചിരുന്നത്. എന്നാൽ ക്ഷേത്രഭാരവാഹികൾ നാളിതുവരെ കെട്ടിടം നിർമ്മിച്ച് അക്കാദമിയെ ഏൽപ്പിച്ചിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly